(ബി) സർക്കാർ രൂപീകരിക്കുന്ന അക്കാദമിക് സിറ്റി അതോറിറ്റിയാണ് ഉന്നത അക്കാദമിക് മേഖലയുടെ മേൽനോട്ടം നിർവ്വഹിക്കുവാൻ ഉദ്ദേശിക്കുന്നത്. അക്കാദമിക് സിറ്റി അതോറിറ്റി രൂപീകരിച്ചിട്ടില്ല.

(സി) 2016 ജനുവരി 29, 30 തീയതികളിലായി ഒരു ആഗോള വിദ്യാഭ്യാസ സംഗമം സർക്കാർ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ, FICCI എന്നിവയുമായി ചേർന്ന് നടത്തുവാൻ ഉദ്ദേശിക്കുന്നു. ചെലവ് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. പ്രസ്തുത യോഗത്തിൽ ഉരുത്തിരിഞ്ഞുവരുന്ന അഭിപ്രായങ്ങളും കൂടി പരിഗണിച്ചു മാത്രമേ സർക്കാർ ഇക്കാര്യത്തിൽ നയപരമായ തീരുമാനമെടുക്കുകയുള്ളൂ.

(ഡി) ഉന്നത വിദ്യാഭ്യാസ അക്കാദമിക് മേഖലകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്വകാര്യ സംരംഭകർക്ക് പ്രത്യേക എക്സ്പോർട്ട് മേഖലകൾക്ക് നൽകിവരുന്ന രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി ഇളവുകളും പ്രസ്തുത മേഖലയിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ, വൈദ്യുതി, വെള്ളം, ഇന്റർനെറ്റ് സൗകര്യങ്ങളും അവരുടെ അതിർത്തിവരെ നൽകുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ ഏകജാലക സംവിധാനത്തിലൂടെ സർക്കാർ യൂണിവേഴ്സിറ്റികളുടെ അനുമതികൾ നൽകുന്നതിനും ശ്രമിക്കുന്നതാണ്.

അറബിക് സർവകലാശാല

6(2845) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അറബിക് സർവകലാശാല ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് പ്രസ്തുത സർവകലാശാല യാഥാർത്ഥ്യമാക്കാൻ കഴിയുമോ; എങ്കിൽ എന്നത്തേക്ക് പ്രവർത്തനമാരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് അറബിക് സർവ്വകലാശാല ആരംഭിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

കോളേജ് അധ്യാപകർക്ക് പ്ലേയ്സ്മെന്റുകൾ നല്കുന്നത്

7(2848) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജ് അധ്യാപകർക്ക് 2010-ൽ നടപ്പാക്കിയ ശമ്പള

LIBRARY ARCHIVES Kerala Legislative Assembly